# കുഴഞ്ഞുവീണു മരിക്കുന്നവർ

ക്യാൻസർ, ഹൃദയസ്തംഭനം മഞ്ഞപ്പിത്തം, എയ്ഡ്സ്, എലിപ്പനി..... എന്നിങ്ങനെ പരക്കെ പ്രസിദ്ധങ്ങളായ മരണ കാരണങ്ങളുടെ കൂട്ടത്തിൽ ഇതാ ഒരു പുതിയ താരം കൂടി കേരളത്തിൽ വേരൂന്നിയിരിക്കുന്നു- കുഴഞ്ഞു വീണു മരണം.

കഴിഞ്ഞ ഒരു വർഷത്തോളമായി പത്രങ്ങളിലെ ചരമ പേജുകൾ ശ്രദ്ധിക്കുന്നവരൊക്കെ ഈ പുതിയ വിദ്വാനെ കുറിച്ച് ചിന്തിച്ചു കഴിഞ്ഞിരിക്കും. എങ്കിലും മറ്റു രോഗങ്ങളെപ്പോലെ ഈ പുതിയ പ്രതിഭാസത്തെ കുറിച്ച് പത്രങ്ങളിലോ ആരോഗ്യ പ്രസിദ്ധീകരണങ്ങളിലോ എന്തെങ്കിലും വിശകലനങ്ങളോ ലേഖനങ്ങളോ കാണുകയില്ല.

സാധാരണ ഹൃദയസ്തംഭനം വന്നു മരിക്കുന്നവരിൽ കാണുന്ന ലക്ഷണങ്ങളൊന്നും ഇങ്ങനെ കുഴഞ്ഞു വീണു മരിക്കുന്നവരിൽ കാണാത്തതും, മുൻപൊന്നും ഹൃദയാഘാത സാദ്ധ്യത കണ്ടിട്ടുള്ളവരല്ല കുഴഞ്ഞു വീണു മരിക്കുന്നതെന്നും കാണുന്നു. അങ്ങിനെ നോക്കുമ്പോൾ ഇതെന്തോ പുതിയ ആരോഗ്യ പ്രശ്നമാണ്. ഇതിനെക്കുറിച്ച്. ആരോഗ്യ രംഗത്തു പ്രവർത്തിക്കുന്നവരുടെ നിഗമനങ്ങൾ വെളിപ്പെടുത്തുന്നത് നന്നായിരിക്കും.